(ബി) ഇതിന്റെ എ.എസ്., ടി.എസ്., എസ്.എസ്. ഇവ എന്ന് ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതിനോടൊപ്പം എത്ര സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു എന്നും അവ ഏതൊക്കെയാണ് എന്നും വ്യക്തമാക്കാമോ ;

(ഡി) ഇതിൽ ഏതിന്റെയെല്ലാം ടെണ്ടർ നടപടികൾ പൂർത്തിയായി ;

(ഇ) പുനലൂർ മിനി സിവിൽ സ്റ്റേഷന്റെ ടെണ്ടർ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ടെണ്ടർ നടപടി ആരംഭിച്ചു. 230 ലക്ഷം രൂപയാണ് എസ്റ്റിമേറ്റ് തുക.

(ബി) എ.എസ്., എസ്.എസ്. എന്നിവ 12-3-2003-ൽ നൽകി. ടി. എസ്സും ലഭിച്ചു കഴിഞ്ഞു.

(സി) ഇതിനോടൊപ്പം മാവേലിക്കര മിനി സിവിൽ സ്റ്റേഷന്റെ രണ്ടാംഘട്ട നിർമ്മാണവും തൃക്കാക്കര സിവിൽ സ്റ്റേഷന്റെ ബി 2 ബ്ലോക്കിന്റെ നിർമ്മാണവും നടത്താനുദ്ദേശിക്കുന്നു.

(ഡി) മാവേലിക്കര മിനി സിവിൽ സ്റ്റേഷന്റെ ടെന്റർ നടപടി പൂർത്തിയായി. പണി ആരംഭിച്ചു.

(ഇ) പുനലൂർ മിനി സിവിൽ സ്റ്റേഷന്റെ ടെന്റർ തീയതി 16-9-2003 ആയി നിശ്ചയിച്ചിട്ടുണ്ട്.

പട്ടാമ്പി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

122 (2841) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടാമ്പി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

5/2004-ൽ പൂർത്തിയാകും എന്ന് പ്രതീക്ഷിക്കുന്നു.

പാലങ്ങളുടെ സുരക്ഷയെ സംബന്ധിച്ച് പഠനം

123 (2842) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് നിലവിലുള്ള പാലങ്ങളുടെ സുരക്ഷയെ സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് പ്രസ്തുത പഠനം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

DRIQ ബോർഡിന്റെ മേൽനോട്ടത്തിലും RITES, LBS എന്നീ ഏജൻസികൾ മുഖേനയും സംസ്ഥാനത്തെ പാലങ്ങളുടെ സുരക്ഷയെപ്പറ്റി പഠനം നടത്തിയിട്ടുണ്ട്. കൂടാതെ ദേശീയ പാതയിലെ പാലങ്ങളുടെ സുരക്ഷയെപ്പറ്റി എല്ലാവർഷവും പ്രത്യേക പഠനം നടത്തിവരുന്നുണ്ട്.

തൃപ്രയാർ പാലത്തിന്റെ സുരക്ഷിതത്വം

124 (2843) ശ്രീ ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ നാട്ടിക നിയോജകമണ്ഡലത്തിലെ തൃപ്രയാർ പാലത്തിന്റെ സുരക്ഷിതത്വം പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പാലം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) പരിശോധനയിൽ പാലത്തിന് ബലക്ഷയം ഉള്ളതായി കണ്ടില്ല. ചോദ്യം ഉദിക്കുന്നില്ല.

ഫറോക്ക് പാലത്തിന്റെ ശോച്യാവസ്ഥ

125 (2844) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫറോക്ക് പഴയ പാലത്തിന്റെ ശോച്യാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പാലത്തിന്റെ നവീകരണ പ്രവർത്തനത്തിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) പാലത്തിന്റെ അറ്റകുറ്റപ്പണികൾ കൃത്യമായി നടത്താറില്ലെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അറ്റുകുറ്റപ്പണികൾ കൃത്യമായി നടത്തുന്നതിനും, നവീകരണ നടപടികൾ സ്വീകരിക്കാനും സർക്കാർ തയ്യാറാകുമോ ?

ഉത്തരം

(എ-ഡി) ഫറോക്ക് പഴയ പാലത്തിന്റെ അറ്റുകുറ്റപ്പണികൾ യഥാസമയം നടത്തി വരുന്നുണ്ട്. ഈ പാലം നവീകരിക്കുന്നതിന് വിശദമായ പരിശോധനകൾ ആവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly